നാസ്വിഹ്

# നബിചരിത്ര ഗ്രന്ഥങ്ങൾ

**പൗരാണികവും ആധുനികവുമായ ഏതാനും പ്രവാചക ചരിത്രരചനകൾ: ഒരു ലഘുപരിചയം**

**മുഹമ്മദ് നബി(സ)യുടെ** ചരിത്രം രേഖപ്പെടുത്തിയ ആദ്യവ്യക്തിയായി അറിയപ്പെടുന്നത് അബാനുബ്നു ഉസ്മാനാണ്. മൂന്നാം ഖലീഫ ഉസ്മാനുബ്നു അഫ്ഫാനി(റ)ന്റെ മകനാണിദ്ദേഹം. സുബൈറുബ്നുൽ അവ്വാമി(റ)ന്റെ മകൻ ഉർവതുബ്നു സുബൈറും നബിചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഗ്രന്ഥങ്ങൾ ഇന്ന് ലഭ്യമല്ലെങ്കിലും പിൽക്കാല ചരിത്രകാരന്മാർ അവയിൽനിന്ന് ഉദ്ധരിച്ചിട്ടുണ്ട്. ഉമറുബ്നു അബ്ദിൽ അസീസ് പ്രവാചക ചരിത്രം രേഖപ്പെടുത്തിവെക്കാനും ജനങ്ങളെ പഠിപ്പിക്കാനും വലിയ പ്രോത്സാഹനം നൽകുകയുണ്ടായി. ദമസ്കസ് പള്ളിയിൽവെച്ച് പ്രവാചക ചരിത്രം ക്ലാസെടുക്കാൻ അദ്ദേഹം ആസിമുബ്നുഉമർ ഇബ്നു ഖതാദയെ ചുമതലപ്പെടുത്തി. ഇക്കാലത്തു തന്നെയാണ് ഉർവയുടെ ശിഷ്യൻ ഇബ്നു ശിഹാബ് സുഹ്രി *കിതാബുൽ മഗാസീ* രചിച്ചത്. പ്രവാചകന്റെ സൈനിക നടപടികളുടെ ചരിത്രമായ മഗാസീ എന്ന ചരിത്രശാഖക്ക് അതോടെ തുടക്കം കുറിക്കപ്പെട്ടു. പിന്നീട് സമ്പൂർണ ചരിത്രമായി മഗാസി വികസിച്ചു. ഏതാനും സ്വഹാബിമാരെ ഇമാം സുഹ്രി നേരിട്ടു കണ്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ശിഷ്യന്മാരായ മൂസബ്നു ഉഖ്ബ, മുഹമ്മദുബ്നു ഇസ്ഹാഖ്, മുഹമ്മദുബ്നു സ്വാലിഹ്, അബ്ദുർറഹ്മാൻ ഇബ്നു അബ്ദിൽ അസീസ്, യഅ്ഖൂബുബ്നു ഇബ്റാഹീം എന്നിവർ ഈ ചരിത്രശാഖയെ പരിപോഷിപ്പിക്കുകയുണ്ടായി. ഇവരിൽ ഇബ്നു ഉഖ്ബയും ഇബ്നു ഇസ്ഹാഖുമാണ് ഏറ്റവും പ്രമുഖർ.

മഗാസീ രചയിതാക്കളിൽ പലരും ലഭ്യമായ വിവരങ്ങളുടെ സാധുതയും വിശ്വസനീയതയും പരിശോധിക്കാതെ തങ്ങളുടെ ഗ്രന്ഥങ്ങളിൽ അവ ചേർത്തിട്ടുണ്ട്. അതിനാൽ വ്യാജറിപ്പോർട്ടുകളും അവയിൽ കാണാം. എന്നാൽ മൂസബ്നു ഉഖ്ബ സൂക്ഷ്മമായ പരിശോധന നടത്തി ശരിയാണെന്നു ബോധ്യപ്പെട്ടവ മാത്രമാണ് സ്വീകരിച്ചത്. അദ്ദേഹത്തിന്റെ *കിതാബുൽ മഗാസീ*യുടെ സവിശേഷത ഇതാണ്. പക്ഷേ, സുഹ്രിയുടെയും ഇബ്നു ഉഖ്ബയുടെയും മഗാസീകൾ ഇപ്പോൾ ലഭ്യമല്ല.

മഗാസീ സാഹിത്യത്തെ ജനകീയമാക്കിയത് മുഹമ്മദുബ്നു ഇസ്ഹാഖാണ്. മഗാസീ രചയിതാക്കളിൽ ഏറ്റവും പ്രസിദ്ധൻ ഇദ്ദേഹമാണ്. വാഖിദിയുടെ മഗാസീയും പ്രസിദ്ധിയിൽ ഇതിനോടടുത്തു നിൽക്കുന്നുവെങ്കിലും വ്യാജിപ്പോർട്ടുകൾ കാരണം അത് രൂക്ഷമായി വിമർശിക്കപ്പെട്ടിട്ടുണ്ട്. സ്വഹാബിയായ അനസി(റ)നെ ഇബ്നു ഇസ്ഹാഖ് നേരിൽ കണ്ടിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ഗ്രന്ഥത്തിന്റെ ആധികാരികതയെ കുറിച്ച് ഭിന്നാഭിപ്രായമുണ്ട്. മഗാസീയിലും സീറ (പ്രവാചക ചരിത്രം)യിലും ഇബ്നു ഇസ്ഹാഖിനെ അവലംബിക്കാൻ പറ്റില്ലെന്നാണ് ഇമാം മാലികിന്റെ വീക്ഷണം. ഇമാം ബുഖാരി ഇദ്ദേഹം നിവേദനം ചെയ്ത ഹദീസുകൾ സ്വീകരിച്ചിട്ടില്ല. പിൽക്കാല ചരിത്രകാരന്മാർ പലരും ഇദ്ദേഹത്തിന്റെ മഗാസീയിൽനിന്ന് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

ഇബ്നു ഇസ്ഹാഖിന്റെ *കിതാബുൽ മഗാസീ* വിപുലീകരിച്ച് സമ്പൂർണ പ്രവാചക ചരിത്രമാക്കിയതാണ് അബ്ദുൽ മലിക് ഇബ്നു ഹിശാമിന്റെ *അസ്സീറത്തു ന്നബവിയ്യ*. ആദ്യകാല പ്രവാചക ചരിത്രങ്ങളിൽ ഏറ്റവും പ്രസിദ്ധമാണ് സീറഃ ഇബ്നു ഹിശാം എന്നറിയപ്പെടുന്ന ഈ ഗ്രന്ഥം.

എട്ട് വാള്യങ്ങളുള്ള ഇബ്നു സഅ്ദിന്റെ *ത്വബഖാത്തിൽ* ആദ്യത്തെ രണ്ടു വാള്യങ്ങളിൽ പ്രവാചക ചരിത്രം വിപുലമായി വിവരിക്കുന്നുണ്ട്. മറ്റു വാള്യങ്ങളിൽ സ്വഹാബിമാരുടെ ചരിത്രമാണ്. സ്വഹാബിമാരുടെ ജീവിതം നബി(സ)യുമായി ബന്ധപ്പെട്ടതായതിനാൽ വലിയൊരു പരിധിവരെ അത് പ്രവാചക ചരിത്രത്തിന്റെ ഭാഗം തന്നെയാണ്. വാഖിദിയിൽനിന്നും അദ്ദേഹം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും സ്രോതസ്സുകൾ പറയുന്നതിനാൽ അവ വേർതിരിച്ച് മനസ്സിലാക്കാൻ സാധിക്കും.

സമഗ്രതയിലും ആധികാരികതയിലും ഏറെ പ്രസിദ്ധമാണ് ഇബ്നു ജരീറുത്ത്വബരിയുടെ *താരീഖുൽ ഉമമി വൽ മുലൂക്*. നബി(സ)യുടെ കാലം മുതൽ ഗ്രന്ഥകാരന്റെ കാലം വരെയുള്ള സമഗ്ര ചരിത്രം ഇതിൽ വായിക്കാം. പിൽക്കാല ചരിത്രകാരന്മാരുടെ മുഖ്യ അവലംബങ്ങളിലൊന്നാണിത്. 14 വാള്യങ്ങളുള്ള ഈ ഗ്രന്ഥത്തിന്റെ ആദ്യത്തെ രണ്ടു വാള്യങ്ങളിലാണ് നബിചരിത്രം വിവരിക്കുന്നത്.

ഇസ്സുദ്ദീൻ ഇബ്നുൽ അസീറിന്റെ *അൽ കാമിലു ഫി ത്താരീഖും* ആദ്യകാല രചനകളിലൊന്നാണ്. ലോകാരംഭം മുതൽ ഹിജ്റ വർഷം 628 വരെയുള്ള ചരിത്ര സംഭവങ്ങൾ ഇതിൽ വിവരിക്കുന്നുണ്ട്. ആധികാരികതയിൽ ഇതിനേക്കാൾ മുന്നിട്ടു നിൽക്കുന്നതാണ് ഇബ്നു കസീറിന്റെ *അൽ ബിദായ വന്നിഹായ*. സൃഷ്ടിപ്പിന്റെ ആരംഭം മുതൽ തന്റെ കാലഘട്ടം വരെയുള്ള പ്രധാന സംഭവങ്ങൾ ഇബ്നു കസീർ വിവരിക്കുന്നു. ഇവ രണ്ടിലും പ്രവാചക ചരിത്രവുമുൾപ്പെടുന്നു.

സാമ്പ്രദായിക നബിചരിത്ര കൃതികളിൽനിന്ന് വ്യത്യസ്തമായ അവതരണ രീതികൊണ്ടും വിഷയ വൈപുല്യംകൊണ്ടും ശ്രദ്ധേയമായ രചനയാണ് *സീറത്തുന്നബി*. ഇതിന്റെ ആദ്യത്തെ രണ്ടു ഭാഗങ്ങൾ അല്ലാമാ ശിബ്ലി നുഅ്മാനിയും ആറു വരെയുള്ള ബാക്കി ഭാഗങ്ങൾ അദ്ദേഹത്തിന്റെ ശിഷ്യൻ സയ്യിദ് സുലൈമാൻ നദ്വിയുമാണ് രചിച്ചത്. ജനനം മുതൽ വിയോഗം വരെയുള്ള പ്രവാചക ജീവിതത്തിനു പുറമെ പ്രവാചക നിയോഗത്തിനു മുമ്പ് അറേബ്യയിലെ സാഹചര്യം, പ്രവാചകന്റെ സ്വഭാവ ഗുണങ്ങൾ, പ്രവാചക ദൗത്യം, പ്രവാചകന്റെ അധ്യാപനങ്ങൾ, പ്രവാചക ജീവിതത്തിന്റെ വിവിധ വശങ്ങൾ, മുഅ്ജിസത്തുകൾ തുടങ്ങിയവയും വിശദമായി വിവരിക്കുന്നു. നബി(സ)യെകുറിച്ച ആദ്യകാല ഓറിയന്റലിസ്റ്റ് രചനകളുടെ നിരൂപണവും ഇതിൽ വായിക്കാം. ഉർദുവിലുള്ള *സീറത്തുന്നബി*യുടെ ഇംഗ്ലീഷ് പരിഭാഷയും പുറത്തിറങ്ങിയിട്ടുണ്ട്.

പൂർവവേദങ്ങളിൽനിന്നടക്കമുള്ള വിപുലമായ റഫറൻസുകളോടെ പ്രവാചക ജീവിതവും സന്ദേശവും അനുഭവിപ്പിക്കുന്ന ഹൃദ്യമായ രചനയാണ് ഖാദി മുഹമ്മദ് സുലൈമാൻ സൽമാനുൽ മൻസൂർ പൂരിയുടെ *റഹ്മത്തുൻ ലിൽ ആലമീൻ*. ഉർദുവിലുള്ള ഈ ഗ്രന്ഥത്തിന് അറബിപരിഭാഷയുമുണ്ട്.

സാമ്പ്രദായിക രചനകളിൽനിന്നും വേറിട്ടുനിൽക്കുന്ന മറ്റൊരു പ്രവാചക ചരിത്ര കൃതിയാണ് നഈം സിദ്ദീഖിയുടെ *മുഹ്സിനെ ഇൻസാനിയത്ത്*. പ്രവാചകൻ തന്റെ ദൗത്യത്തിന്റെ ഭാഗമായി വിജയകരമായി നടപ്പിലാക്കിയ സാമൂഹിക രാഷ്ട്രീയ വിപ്ലവത്തിനാണ് നഈം സിദ്ദീഖി ഊന്നൽ നൽകുന്നത്. ഇസ്ലാമിക ജീവിത വ്യവസ്ഥ പ്രയോഗവത്കരിക്കുന്നതിൽ നബി(സ) നേരിട്ട കടമ്പകളും ദൈവിക സഹായത്തോടെ അവയെ മറികടന്ന് വിജയം വരിക്കുന്നതും ഇതിൽ ആകർഷകമായി വിവരിക്കുന്നു. പ്രവാചകന്റെ വ്യക്തിത്വത്തിലേക്കും കുടുംബ ജീവിതത്തിലേക്കും വെളിച്ചം വീശുന്നുമുണ്ട്. ആദ്യ അധ്യായത്തിൽ പ്രവാചക വ്യക്തിത്വത്തെയും സ്വഭാവഗുണങ്ങളെ

യുമാണ് വിവരിക്കുന്നതെന്നതും ഈ കൃതിയുടെ സവിശേഷതയാണ്. ഉർദുവിലുള്ള *മുഹ്സിനെ ഇൻസാനിയത്തി*ന്റെ ഇംഗ്ലീഷ് പരിഭാഷയും ലഭ്യമാണ്.

സയ്യിദ് അബുൽ അഅ്ലാ മൗദൂദിയുടെ വിവിധ ഗ്രന്ഥങ്ങളിൽ ചിതറിക്കിടക്കുന്ന നബിചരിത്രം നഈം സിദ്ദീഖിയും അബ്ദുൽ വക്കീൽ അലവിയും ക്രോഡീകരിച്ച് സമാഹരിച്ചതാണ് *സീറത്തെ സർവറെ ആലം*. മൗലാന തന്നെ ഇത് പരിശോധിക്കുകയും ചെറിയ പരിഷ്കരണങ്ങൾ വരുത്തുകയും ചെയ്തതാണ്. വിവിധ ചരിത്ര സംഭവങ്ങളെ കൂട്ടിയോജിപ്പിക്കുകയോ ഏതെങ്കിലും സംഭവത്തിന്റെ പശ്ചാത്തലം വിവരിക്കുകയോ ചെയ്യുന്ന ചില കുറിപ്പുകൾ ക്രോഡീകരണകർത്താക്കൾ ചേർക്കുകയും അത് സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രവാചകത്വം, പൂർവ പ്രവാചകന്മാർ, പ്രവാചകത്വ പരിസമാപ്തി, പ്രവാചകന്റെ മാനുഷികത, മുഅ്ജിസത്തുകൾ, പ്രവാചകചര്യ തുടങ്ങിയവ സംബന്ധമായ ആഴത്തിലുള്ള പഠനങ്ങൾ ഇതിൽ വായിക്കാം. ഉർദുവിലുള്ള ഈ സമാഹാരത്തിന്റെ രണ്ടു ഭാഗങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട്.

ഇസ്‌ലാമിക പ്രമാണങ്ങളുടെയും പഴയ ആധികാരിക ചരിത്രഗ്രന്ഥങ്ങളിലെ തെളിവുകളുടെയും പിൻബലത്തോടെ പ്രവാചക ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന രചനയാണ് അബുൽ ഹസൻ അലി നദ്‌വിയുടെ *അസ്സീറത്തുന്നബവിയ്യ* (ഉർദുവിൽ നബിയെ റഹ്മ). ഇസ്‌ലാമിനു മുമ്പുള്ള ജാഹിലീ ലോകത്തിന്റെ അവസ്ഥകളും അന്ത്യപ്രവാചകൻ എന്തുകൊണ്ട് അറേബ്യയിൽ നിയോഗിതനായി എന്നീ വിഷയങ്ങളും പ്രവാചകന്റെ സ്വഭാവ വൈശിഷ്ട്യങ്ങളും ഇതിൽ ചർച്ചാവിധേയമാക്കുന്നുണ്ട്. ഇതിന് മലയാള പരിഭാഷയുമുണ്ട്.

തികവുറ്റ അക്കാദമിക സ്വഭാവത്തോടെ സമഗ്രമായ പ്രവാചകചരിത്രം അവതരിപ്പിക്കുന്ന ഡോ. മുഹമ്മദ് ഹമീദുല്ലയുടെ The Prophet of Islam പ്രവാചക ചരിത്ര രചനാ ശാഖക്ക് ആധുനിക കാലത്ത് ലഭിച്ച മികച്ച സംഭാവനയാണ്. പ്രവാചകന്റെ നയതന്ത്ര കത്തിടപാടുകളുടെയും ഉടമ്പടികളുടെയും മറ്റും രേഖാസഹിതമാണ് ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്.

ആധുനിക വായനക്കാരെ മുന്നിൽ കണ്ട് ശാസ്ത്രീയ രീതിയിൽ പ്രവാചക ജീവിതം വരച്ചു കാണിക്കുന്ന അക്കാദമിക മൂല്യമേറെയുള്ള രചനയാണ് മുഹമ്മദ് ഹുസൈൻ ഹൈക്കലിന്റെ *ഹയാത്തു മുഹമ്മദ്*. ഇസ്മാഈൽ റാജി ഫാറൂഖിയാണ് ഇത് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുള്ളത്. മലയാള പരിഭാഷയും ലഭ്യമാണ്.

നോവൽപോലെ ആസ്വദിച്ചു വായിക്കാൻ കഴിയുന്ന പ്രവാചക ചരിത്രമാണ് കെ.എൽ ഗൗബയുടെ 'മരുഭൂമിയിലെ പ്രവാചകൻ.' പ്രവാചകന്റെ ഉത്കൃഷ്ട സ്വഭാവങ്ങളും പ്രവാചകത്വത്തിന്റെ ഔന്നത്യവും അനാവരണം ചെയ്യുന്ന സംഭവങ്ങളുടെ വശ്യമായ അവതരണം ഈ കൃതിയുടെ പ്രത്യേകതയാണ്.

ആധുനിക കാലത്ത് അറബിയിൽ രചിക്കപ്പെട്ട മറ്റൊരു ആധികാരിക നബിചരിത്രമാണ് *അർറഹീഖുൽ മഖ്തൂം*. സ്വഫിയുർറഹ്മാൻ മുബാറക് പൂരിയാണ് രചയിതാവ്. 1979-ൽ മക്കയിൽ മുസ്‌ലിം വേൾഡ് ലീഗ് സംഘടിപ്പിച്ച പ്രവാചക ചരിത്ര രചനാ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ രചനയാണിത്. ഇസ്‌ലാമിനു മുമ്പുള്ള അറേബ്യയിലെ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളും പ്രബോധനത്തിന്റെ വിവിധ ഘട്ടങ്ങളുമെല്ലാം ഇതിൽ വിവരിക്കുന്നു.

പാശ്ചാത്യ പണ്ഡിതന്മാരിൽ ഡോ. മാർട്ടിൻ ലിൻഗ്സിന്റെ Muhammad: His Life Based on the Earliest Sources ഏറെ പ്രകീർത്തിക്കപ്പെട്ട രചനയാണ്. ആധികാരിക സ്രോതസ്സുകൾ ഉപയോഗിച്ച് പ്രവാചക ജീവിതത്തിന്റെ കൃത്യമായ വിവരണം നൽകാനാണ് അദ്ദേഹം ശ്രമിക്കുന്നത്. ഈ ഗ്രന്ഥരചനക്കായുള്ള ഗവേഷണത്തിനിടയിൽ ഡോ. ലിൻഗ്സ് ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി.

മറ്റൊരു ശ്രദ്ധേയ രചനയാണ് The Life and Work of Muhammad. ഇസ്‌ലാം ആശ്ലേഷിച്ച അമേരിക്കക്കാരനായ യഹ്‌യ എമെറിക് ആണ് രചയിതാവ്. ഇസ്‌ലാമിക് ഫൗണ്ടേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡന്റും ഒരു ഇസ്‌ലാമിക് സ്കൂളിന്റെ പ്രിൻസിപ്പലുമാണ് ഇദ്ദേഹം. ഏറെ വൈജ്ഞാനികമായ ഈ കൃതിയിൽ പ്രവാചകൻ അഭിമുഖീകരിച്ച സാഹചര്യങ്ങളുടെയും സ്വീകരിച്ച നിലപാടുകളുടെയും ഭൂമിശാസ്ത്രപരവും ചരിത്രപരവും സാംസ്കാരികവുമായ പശ്ചാത്തലങ്ങളും വിവരിക്കുന്നുണ്ട്.

ആൻമേരി ഷിമ്മലിന്റെ And Muhammad is His Messenger: The Veneration of The Prophet in Islamic Piety -ൽ മുസ്‌ലിംകളുടെ ജീവിതത്തിൽ പ്രവാചകന്നുള്ള പ്രാധാന്യവും പ്രവാചക സ്വാധീനത്തിന്റെ ചരിത്രപരമായ അപഗ്രഥനവുമാണെങ്കിലും പ്രവാചകജീവിതത്തെക്കുറിച്ച് ധാരാളം വിവരങ്ങൾ ഇതിലുണ്ട്.

കാരൻ ആംസ്ട്രോംഗിന്റെ Muhammad: A Biography of the Prophet ഇക്കാലത്തെ പ്രസിദ്ധ പ്രവാചകചരിത്രങ്ങളിലൊന്നാണ്. ഇസ്‌ലാമിനെക്കുറിച്ച് ധാരാളം പഠിച്ച ബ്രിട്ടീഷുകാരിയാണിവർ. ഇസ്‌ലാമിനെക്കുറിച്ചും പ്രവാചകനെകുറിച്ചും അനുഭാവപൂർവമാണ് ഇവർ എഴുതുന്നത്. പ്രവാചകനെ മികച്ച പരിഷ്കർത്താവും രാജ്യതന്ത്രജ്ഞനുമായി അംഗീകരിക്കുന്ന കാരൻ മുസ്‌ലിമല്ലാത്തതിനാൽ ദിവ്യബോധനത്തെ ഭൗതികമായി വ്യാഖ്യാനിക്കാനാണ് ശ്രമിക്കുന്നത്.

മറ്റു ചില പ്രവാചക ചരിത്രങ്ങളുടെ പേരു വിവരം താഴെ ചേർക്കുന്നു:

Al-Amin A Life-Sketch of the Prophet Muhammad - Marmaduke M. Pickthall

Introducing Muhammad - Ziauddin Sardar & Zafar Malik

Life Of Muhammed - Abdul Hameed Siddiqui

Muhammad Man of Allah - Sayyed Hussein Nasar

Muhammad The Beloved Prophet - Muhammad Iqbal

Muhammad The Prophet of Revolution - Maulana Wahiduddin Khan

The Biography of Allah's Prophet-Lessons & Examples - Mustafa Al-Sibai

The Messenger: The meaning of the Life of Muhammad, In the Foot steps of the Prophet - Tariq Ramadan

മലയാളത്തിൽ പ്രവാചക ചരിത്രം പ്രതിപാദിക്കുന്ന സ്വതന്ത്രരചനകളേക്കാൾ പരിഭാഷകളാണ് കൂടുതൽ. പി.കെ മുഹമ്മദലിയുടെ *മുഹമ്മദ് നബിയുടെ ജീവിതവും സന്ദേശവും* ഷാഹുൽ ഹമീദിന്റെ *മുഹമ്മദ് നബിയുടെ ജീവിത സന്ദേശം* അബ്ദുർറഹ്മാൻ മേത്തറുടെ *മുഹമ്മദ് നബി നിത്യപൗർണമി*, കാടേരി അബുൽ കമാൽ മുഹമ്മദ് മൗലവിയുടെ *ലോകഗുരു* തുടങ്ങിയവ മൗലിക കൃതികളിൽ പെടുന്നു. ■